GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/10/2026

1. പഴം പച്ചക്കറി മുതലായ വിവിധ ഹോർട്ടിക്കൾച്ചർ ഉൽപ്പന്നങ്ങളുടെ വഴിയോരക്കച്ചവടങ്ങൾക്കായി MIDH പദ്ധതിയിൽ ഉൾപ്പെടുത്തി ശീതികരണ സംവിധാനത്തോട് കൂടിയ സ്റ്റാറ്റിക്ക് / മൊബൈയിൽ വെൻഡിങ് കാർട്ട്/ പ്ലാറ്റ്ഫോമുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ധനസഹായം നൽകുന്നു. യുണിറ്റ് 1 ന് 50 % പരമാവധി 1500 രൂപാ വരെ സഹായം നൽകും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഓഫീസുകൾ പഞ്ചായത്ത് തലം കൃഷി ഭവനുകൾ,

ജില്ലാ തലം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന തലം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം, തിരുവനന്തപുരം.

2. റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. 2026-ൽ പരമ്പരാഗത മേഖലയിൽ കൃഷിചെയ്തവർക്ക് കേന്ദ്രസർക്കാരിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ നവംബർ 6 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ്സൈറ്റിലെ ഇ- സർവീസസ് മെനു വഴി ലോഗിൻ ചെയ്യുതുവേണം അപേക്ഷകൾ സമർപ്പിക്കാൻ. ഹെക്ടറിന് 40,000 രൂപയാണ് ധനസഹായനിരക്ക്. റബ്ബറുത്പാദകസംഘങ്ങളിലെ സമൂഹസംസ്കരണശാലകളുടെ നവീകരണത്തിനും മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമാണത്തിനും നിലവിലുള്ള സമൂഹസംസ്കരണശാലകളിൽ കൂടുതൽ പുകപ്പുരകൾ നിർമിക്കുന്നതിനുമുള്ള സാമ്പത്തികസഹായം, റബ്ബർപാൽ ശേഖരണത്തിനും ഡി.ആർ.സി. പരിശോധിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം, കാർഷിക യന്ത്രവത്കരണത്തിനായി സ്പ്രേയറുകളും ഡസ്റ്ററുകളും വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങൾ.

സ്വയം സഹായ ഗ്രൂപ്പുകൾ (SHGs), റബ്ബർ ടാപ്പേഴ്സ് ഗ്രൂപ്പുകൾ (RTGs). ലേബർ ഗ്രൂപ്പുകൾ (LGs) തുടങ്ങിയവയുടെ രൂപവത്കരണത്തിനുള്ള സാമ്പത്തികസഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ 'സർവ്വീസ് പ്ലസ്' പോർട്ടലിലൂടെ നവംബർ 13 വരെ സമർപ്പിക്കാവുന്നതാണ്. റെയിൻഗാർഡിങ്, സ്പ്രേയിങ് എന്നിവയ്ക്കുള്ള പദ്ധതികൾ പ്രകാരം സാമ്പത്തികസഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 30 വരെ നീട്ടി. വിശദവിവരങ്ങൾ റബ്ബർബോഡിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോഡ് റീജണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, റബ്ബർബോർഡ് കോൾസെന്റർ നമ്പറായ 0481-2576622 എന്നിവയുമായി ബന്ധപ്പെടാം.

3. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകർക്കായി മൈക്രോ ഇറിഗേഷൻ സംവിധാനത്തെക്കുറിച്ച് പരിശീലനവും ഇൻസ്റ്റാളേഷൻ പരിപാടിയും സംഘടിപ്പിക്കുന്നു. വെള്ളനാട്, മിത്രനികേതനിലെ ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 13-നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഡ്രിപ്പ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ആധുനിക സൂക്ഷ്മ ജലസേചന രീതികളെക്കുറിച്ചുള്ള പ്രായോഗിക പരിശീലനവും സംവിധാനത്തിന്റെ സ്ഥാപിക്കലും പരിപാടിയുടെ

ഭാഗമായി ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400288040 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും, റബ്ബർപാൽ സംഭരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം നവംബർ 02 മുതൽ 06 വരെയുള്ള തീയതികളിൽ കോട്ടയത്തെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ടെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127, 9497487209, 04812353201 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

5. ഏഴുപുന്ന കൃഷിഭവന്റെയും ആത്മ ഫാം സ്കൂളിന്റെയും നേതൃത്വത്തിൽ കർഷകർക്കായി വിവിധ കൃഷികളിലും കൃഷിരീതികളിലും സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. നവംബർ മൂന്നിന് രാവിലെ പത്ത് മണി മുതലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി എഴുപുന്ന കൃഷിഭവനുമായി ബന്ധപ്പെടാവുന്നതാണ്.